**A** | **905**

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022-23

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : 9 | സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം** **(7 x 2 = 14)**

1. മംഗോളിയൻ സൈന്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
2. അഗ്നിപർവ്വതങ്ങൾ ഏതെല്ലാം വിധത്തിലാണ് മനുഷ്യന് ഉപകാരപ്രദമാകുന്നത്?
3. മധ്യകാല ലോകത്തിലെ രണ്ട് പ്രധാന വാണിജ്യ പാതകൾ ഏവ?
4. മൊത്ത ആഭ്യന്തര ഉൽപ്പന്നം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
5. സമത്വത്തിനുള്ള അവകാശങ്ങളിൽ ഉൾപ്പെടുന്ന ഏതെങ്കിലും രണ്ട് ആശയങ്ങൾ എഴുതുക.
6. ചുവടെ തന്നിട്ടുള്ളവ അനുയോജ്യമായി പൂരിപ്പിക്കുക.

   I. എ) പൗരസ്ത്യ റോമാസാമ്രാജ്യം – കോൺസ്റ്റാന്റിനോപ്പിൾ
   ബി) പാശ്ചാത്യ റോമാസാമ്രാജ്യം – ____________

   II. എ) ഓട്ടോമൻ സാമ്രാജ്യം – സുലൈമാൻ
   ബി) മാലി സാമ്രാജ്യം – ____________
7. ഭൗമോപരിതല താപവിതരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.
8. ഷാലമീൻ ചക്രവർത്തി രൂപപ്പെടുത്തിയ കരോലിൻജിയൻ ശൈലിയുടെ സവിശേഷതകൾ വ്യക്തമാക്കുക.

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം** **(6 x 3 = 18)**

9. ദേശീയ വരുമാനം കണക്കാക്കുന്ന രീതികൾ ഏതെല്ലാം?
10. വിവിധ തരം ഭൂകമ്പ തരംഗങ്ങൾ ഏതെല്ലാം?
11. മധ്യകാല ശാസ്ത്രത്തിന് അറബികൾ നൽകിയ സംഭാവനകൾ പട്ടികപ്പെടുത്തുക.
12. സുനാമിയിൽ നിന്ന് രക്ഷ നേടാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാം?

13. തന്നിട്ടുള്ള ഡയഗ്രം പൂർത്തിയാക്കുക.




14. വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏവ?

15. നിർവചിക്കുക:

എ) ആർദ്രത

ബി) പൂരിതാങ്കം

സി) ഹിമാങ്കം

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ എതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം** **(9 x 4 = 36)**

16. അന്തരീക്ഷ താപന പ്രക്രിയകൾ വിശദമാക്കുക.

17. ഫ്യൂഡലിസത്തിന്റെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?

18. നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് മേഘങ്ങളെ തിരിച്ചറിഞ്ഞ് പേരെഴുതുക.

(എ) വളരെ ഉയരത്തിൽ നേർത്ത തൂവൽ കെട്ടുകൾ പോലെ കാണുന്നു.

(ബി) താഴ്ന്ന വിതാനങ്ങളിൽ കനത്ത പാളികളായി കാണപ്പെടുന്നു.

(സി) സംവഹന പ്രവാഹഫലമായി രൂപം കൊള്ളുന്നു.

(ഡി) ഇരുണ്ട മഴമേഘങ്ങൾ

19. ശാസ്ത്ര സാങ്കേതിക രംഗത്ത് മധ്യകാല ചൈനയുടെ സംഭാവനകൾ എഴുതുക.

20. ഭൂകമ്പങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?

21. നൽകിയിട്ടുള്ള ഫലകങ്ങളെ തരംതിരിച്ച് പട്ടിക പൂർത്തിയാക്കുക.

(പസഫിക് ഫലകം, കോക്കോസ് ഫലകം,ആസ്ട്രേലിയൻ ഫലകം, കരീബിയൻ ഫലകം, യുറേഷ്യൻ ഫലകം, നാസ്ക ഫലകം, ഫിലിപ്പൈൻ ഫലകം, വടക്കേ അമേരിക്കൻ ഫലകം)

| വലിയ ഫലകങ്ങൾ | ചെറിയ ഫലകങ്ങൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |

22. ഫ്രാങ്കിഷ് സാമ്രാജ്യത്തിലെ പ്രസിദ്ധനായ ചക്രവർത്തിയായ ഷാലമീന്റെ ഭരണപരിഷ്കാരങ്ങൾ വിശദമാക്കുക.

23. ദൈനികതാപാന്തരവും, ദൈനികശരാശരി താപനിലയും തമ്മിലുള്ള വ്യത്യാസമെന്ത്?

24. 'എ' കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി 'ബി' കോളത്തിലുള്ളവയെ ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| ഒമർ ഖയ്യാം | രാജതരംഗിണി |
| അൽ ഫിർദൗസി | ഗീതഗോവിന്ദം |
| കൽഹണൻ | റുബായിയ്യാത്ത് |
| ജയദേവൻ | ഷാനാമ |

25. നൽകിയിട്ടുള്ള അവകാശങ്ങൾ ഏത് മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന് എഴുതുക.

എ) അന്യായമായ അറസ്റ്റിനും തടങ്കലിനും എതിരായി സംരക്ഷണം

ബി) നിർബന്ധിത തൊഴിൽ, മനുഷ്യ കച്ചവടം എന്നിവയുടെ നിരോധനം

സി) ഭാഷ, ലിപി, സംസ്കാരം എന്നിവയുടെ സംരക്ഷണം

ഡി) ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം

**26 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം**

**(2 x 6 = 12)**

26. മധ്യകാല ലോകത്തെ ഭരണാധികാരികളിൽ വ്യത്യസ്തനായിരുന്നു ഹാറൂൺ അൽ റഷീദ്. പ്രസ്താവന സാധൂകരിക്കുക.

അല്ലെങ്കിൽ

മധ്യകാലഘട്ടത്തിലെ സാമൂഹ്യസാമ്പത്തിക ഘടനയുടെ പ്രധാന സവിശേഷതയായിരുന്നു ഗിൽഡുകൾ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്താവന വിലയിരുത്തുക .

സൂചനകൾ :

- വിവിധതരം ഗിൽഡുകൾ
- ഗിൽഡുകളുടെ ചുമതലകൾ

27. മഴയുടെ വിവിധ തരങ്ങൾ വിശദമാക്കുക.

അല്ലെങ്കിൽ

വിവിധ തരം ഫലക സീമകൾ ഏതെല്ലാം? ഏതെങ്കിലും രണ്ടെണ്ണം ഉദാഹരണസഹിതം വിശദമാക്കുക.